ഇ.എൻ(5)/4113/2020

ലേബർ കമ്മീഷണറുടെ കാര്യാലയം,

തൊഴിൽ ഭവൻ, വികാസ് ഭവൻ (പി.ഒ),
തിരുവനന്തപുരം- 695 033,
തീയതി : 17/03/2020

## സർക്കുലർ നമ്പർ : 07/2020

വിഷയം: കൊറോണ വൈറസ് ബാധയുടെ പശ്ചാതലത്തിൽ സംസ്ഥാനത്തെ സ്വകാര്യ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് സുരക്ഷാ ക്രമീകരണങ്ങൾ ഒരുക്കുന്നതും, ജീവനക്കാരുടെ ജോലി സമയം, അവധി അനുവദിക്കൽ എന്നിവ സംബന്ധിച്ച്.

സൂചന: സർക്കാരിന്റെ 10/03/2020-ലെ സി.ഡി.എൻ 4/50/2020 പൊ.ഭ.വ നമ്പർ സർക്കുലർ

കൊറോണ വൈറസ് (കോവിഡ് - 19) ബാധയുടെ പശ്ചാതലത്തിൽ സംസ്ഥാനത്തെ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് മാസ്ക്, ഗ്ലൗസ് എന്നിവയടക്കമുള്ള മതിയായ സുരക്ഷാ ക്രമീകരണങ്ങളില്ലാതെ ജോലി ചെയ്യിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ സുരക്ഷ മുൻ നിർത്തി ചുവടെ പറയുന്ന വ്യവസ്ഥകൾ പാലിച്ചുകൊണ്ട് സ്ഥാപനങ്ങളുടെ പ്രവർത്തനം ക്രമപ്പെടുത്തേണ്ടതാണെന്ന് അഭ്യർത്ഥിക്കുന്നു.

1. ബയോമെട്രിക് പഞ്ചിംഗ് സംവിധാനം നിലവിൽ നടപ്പിലാക്കിയിട്ടുള്ള സ്കൂളുകൾ അടക്കമുള്ള സ്വകാര്യ സ്ഥാപനങ്ങളിൽ സർക്കാരിന്റെ 10/03/2020-ലെ സി.ഡി.എൻ 4/50/2020 പൊ.ഭ.വ നമ്പർ സർക്കുലറിന്റെ അടിസ്ഥാനത്തിൽ 31/03/2020 തീയതി വരെ ബയോമെട്രിക് പഞ്ചിംഗ് സംവിധാനം നിർത്തി വെക്കേണ്ടതാണ്.
2. സ്ഥാപനത്തിലെ ജീവനക്കാരുടെ ആരോഗ്യവും സുരക്ഷയും ഉറപ്പ് വരുത്തുന്നതിലേക്കായി മേൽ പ്രകാരമുള്ള വൈറസ് ബാധയുടെ പശ്ചാതലത്തിൽ 1961-ലെ കേരള ഷോപ്പ്സ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ചട്ടങ്ങളിലെ ചട്ടം 6 (4) (ഡി) പ്രകാരമുള്ള Non-alcoholic cleaning wipes, pair of Disposable Latex Gloves, pocket mask or disposable face എന്നിവ ജീവനക്കാർക്ക് അടിയന്തിരമായി നൽകേണ്ടതാണ്.

മറുപുറം

3. 1961-ലെ കേരള ഷോപ്പ്സ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ചട്ടങ്ങൾ 4, 5 പ്രകാരം Cleanliness, Ventilation എന്നിവയിൽ പ്രതിപാദിച്ചിട്ടുള്ള എല്ലാ വ്യവസ്ഥകളും തൊഴിലുടമകൾ നിർബ്ബന്ധമായും പാലിക്കേണ്ടതും ആയത് ടി നിയമപ്രകാരമുള്ള പരിശോധ ഉദ്യോഗസ്ഥർ ഉറപ്പാക്കേണ്ടതുമാണ്.

ലേബർ കമ്മീഷണർക്കുവേണ്ടി

1. എല്ലാ റീജിയണൽ ജോയിന്റ് ലേബർ കമ്മീഷണർമാർക്കും,

2. എല്ലാ ജില്ലാ ലേബർ ഓഫീസർമാർക്കും
3. എല്ലാ അസിസ്റ്റന്റ് ലേബർ ഓഫീസർമാർക്കും

} റീജിയണൽ ജോയിന്റ് ലേബർ കമ്മീഷണർ മുഖേന

4. ഷോപ്പ്സ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള സ്ഥാപനങ്ങൾക്ക്

} ഫീൽഡ് ഓഫീസർ/വെബ്സൈറ്റ് മുഖാന്തിരം

ജെ.സി . 11/03/2020